പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1274 — 13/12/2012 ൽ മറുപടിയ്ക്ക്

## റീസർവ്വേ നിർത്തലാക്കിയ സാഹചര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റീസർവ്വേ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 31.10.2012-ലെ 409/12 നമ്പർ ഉത്തരവിനുണ്ടായ സാഹചര്യം വിശദമാക്കുമോ; | (എ) ബഹു.മുഖ്യമന്ത്രിയുടെ 2011 ലെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികൾ അവലോകനം ചെയ്തതിൽ റീസർവ്വെ സംബന്ധിച്ച ധാരാളം പരാതികളും ഹർജികളും ഇനിയും തീർപ്പുകല്പ്പിക്കുവാൻ അവശേഷിക്കുന്നതായും, റീസർവ്വെ കഴിഞ്ഞതിനു ശേഷം കരം ഒടുക്കുവാനും പോക്കുവരവ് ചെയ്യുന്നതിനും കഴിയുന്നില്ല എന്ന് ചൂണ്ടികാണിച്ച് അനേകം പരാതികൾ ബഹു. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെല്ലിൽ ലഭിച്ചുവരുന്നതായും കണ്ടെത്തിയിട്ടുണ്ട്. റീസർവ്വെ പൂർത്തിയാക്കിയ വില്ലേജുകളിലെല്ലാം തന്നെ ആയിരക്കണക്കിനു പരാതികളും ഹർജികളും ഉണ്ടാവുകയും ചെയ്തു.<br>സംസ്ഥാനത്ത് റീസർവ്വെ നടത്തിയതിന്റെ ഇതുവരെയുള്ള മേൽ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സംസ്ഥാനത്ത് ഇനിയും റീസർവ്വെ നടത്തുവാനുള്ള പ്രദേശങ്ങളിൽ സർക്കാർ ഭൂമി മാത്രം റീസർവ്വെ ചെയ്ത് തിട്ടപ്പെടുത്തിയാൽ മതിയെന്നും അപേക്ഷ ലഭിക്കുന്ന മുറക്ക് മാത്രം സ്വകാര്യവ്യക്തികളുടെ ഭൂമിയുടെ റീസർവ്വെ, നടത്താവുന്നതാണെന്നും തീരുമാനിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഉത്തരവിൽ പറയുന്ന ഉദ്യോഗസ്ഥ പുനർ വിന്യാസം, ആഫീസുകളുടെ പുനഃക്രമീകരണം എന്നിവ ഏതു തരത്തിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; ആയതിന്റെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അറിയിക്കുമോ; | (ബി) | ചർച്ചകൾ നടന്നു വരുന്നു. |
| (സി) | റീസർവ്വേ നിറുത്തലാക്കാതെ കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | സ്വകാര്യ ഭൂമിയിലെ റീസർവ്വേ നിർത്തലാക്കിയതിനു ശേഷമുള്ള സ്ഥിതിഗതികൾ സമഗ്രമായി പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ